**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6297** **03.04.2018 -ലെ മറുപടിക്ക്**

**<u>സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയ കോളനികൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ഡി. പ്രസേനൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ നിയോജകമണ്ഡലത്തിലെ ഏതൊക്കെ കോളനികളെയാണ് തെരഞ്ഞെടുത്തിരുന്നതെന്ന് വിശദമാക്കാമോ; | (എ) | മുൻ സർക്കാരിന്റെ കാലത്ത് സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ നിയോജക മണ്ഡലത്തിലെ ചുവടെ പറയുന്ന കോളനികളെയാണ് തെരഞ്ഞെടുത്തിരുന്നത്.<br>1. കുണ്ടുകാട് പട്ടികജാതി കോളനി<br>2. ആര്യമ്പള്ളം പട്ടികജാതി കോളനി<br>3. പെലച്ചിരം കാട് പട്ടികജാതി കോളനി |
| (ബി) | ഇതിൽ ഏതെല്ലാം പൂർത്തീകരിച്ചു; | (ബി) | ഇതിൽ ആരമ്പള്ളം, കുണ്ടുകാട് കോളനികളിലെ പദ്ധതി പൂർത്തീകരിച്ചു. |
| (സി) | പൂർത്തീകരിക്കാത്തവ ഏതെന്നും പൂർത്തീകരിക്കാത്തതിന് കാരണമെന്തെന്നും വ്യക്തമാക്കാമോ? | (സി) | പെലച്ചിരം കാട് പൂർത്തീകരിച്ചിട്ടില്ല. വീട് പുനരുദ്ധാരണത്തിനുള്ള ഗുണഭോക്തൃ ലിസ്റ്റിൽ മാറ്റം വന്നതിനാലും കുഴൽ കിണറിന് സ്ഥലം ലഭ്യമാകാൻ കാലതാമസം വന്നതിനാലുമാണ് പൂർത്തീകരിക്കാത്തത്. |

സെക്ഷൻ ഓഫീസർ